**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4705** **02-07-2024 - ൽ മറുപടിയ്ക്ക്**

**നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിലൂടെ ഏതെല്ലാം പഞ്ചായത്തുകളിലുള്ളവർക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിലൂടെ എസ്.എൻ.പുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി, വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പള്ളി, ഏങ്ങണ്ടിയൂർ എന്നീ 10 പഞ്ചായത്തുകളിലുള്ളവർക്കാണ് പ്രയോജനം ലഭിക്കുന്നത്. ഈ പദ്ധതിക്കായി കിഫ്ബി നല്കിയ രണ്ട് പുതുക്കിയ ഭരണാനുമതികളുടെ പകർപ്പുകൾ <u>അനുബന്ധ</u>മായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | **(1)**19.06.2023-ലെ ഓർഡർ നമ്പർ WRD 025-04/APR-6/2023/KIIFB പ്രകാരം 88,78,59,170/- രൂപയ്ക്കാണ് പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിച്ചിട്ടുള്ളത്. നാട്ടിക ഫർക്ക വിപുലീകരണ പദ്ധതിയുടെ ഉല്പാദന ഘടകങ്ങളും (Intake Well, WTP, RWPM) 10 പഞ്ചായത്തുകൾക്കുമുള്ള പൊതുവായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 3 പഞ്ചായത്തുകളിലെ ടാങ്കുകളിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്ന പദ്ധതി മൂന്ന് പാക്കേജുകളായാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ഇതിൽ ഒന്നാമത്തെ പാക്കേജിൽ ഇൻടേക്ക് വെൽ/ പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, വെള്ളാനിയിൽ 26 എം.എൽ.ഡി. ഉൽപാദന ശേഷിയുള്ള ജലശുദ്ധീകരണശാല, അനുബന്ധഘടകങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 32.63 കോടി രൂപയാണ്. ഒന്നാം പാക്കേജിന് കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി കൺഫർമേഷൻ ലഭിച്ചശേഷം രണ്ടുതവണ ടെണ്ടർ ചെയ്യുകയും ആരും പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയുടെ ബിഡ് സബ്മിഷൻ തീയതി 28.06.2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

രണ്ടാമത്തെ പാക്കേജിൽ വെള്ളാനിയിൽ നിന്നും ചൂലൂർ വരെയും ചൂലൂരിൽ നിന്നും വിവിധ ടാങ്കുകളിലേക്കുള്ള പമ്പിംഗ് മെയിനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടങ്കൽ തുക 53.71 കോടി രൂപയാണ്. രണ്ടാം പാക്കേജിന് സാങ്കേതികാനുമതി കൺഫർമേഷൻ ലഭ്യമാക്കുന്നതിന് കിഫ്ബിയിൽ അപേക്ഷിച്ചിട്ടുണ്ട്.

മൂന്നാമത്തെ പാക്കേജിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ലീക്ക് റെക്ടിഫിക്കേഷൻ, ഇന്റർകണക്ഷൻ വർക്ക്, dismantling existing pipe line എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 2.09 കോടി രൂപയാണ്. മൂന്നാം പാക്കേജിന് കിഫ്ബിയിൽനിന്ന് കൺഫർമേഷൻ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പാക്കേജ് 1-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷമേ ദർഘാസ് ക്ഷണിക്കാനാകു.

**(2)** 24.04.2023-ലെ ഓർഡർ പ്രകാരം റീപ്ലേസ്മെൻറ് പ്രവൃത്തികൾക്ക് 57,78,92,000/- രൂപയ്ക്ക് പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിച്ചു. ഇതിൽ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ കിഫ്ബി റീപ്ലേസ്മെന്റ് വർക്കുകൾ കൂടി ഉൾപ്പെട്ടിരിക്കുന്നതിനാൽ നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതിയുടെ റീപ്ലേസ്മെന്റ് പ്രവൃത്തികളുടെ ഭരണാനുമതി തുക 47.31 കോടി രൂപയാണ്.

(a) കിഫ്ബി - പ്രോജക്റ്റ് 2- നാട്ടിക ഫർക്ക ശുദ്ധജലവിതരണ പദ്ധതി - സി.വി. സെന്റർ മുതൽ അഗസ്ത്യേശ്വരം ടെമ്പിൾ വരെ 500 എം.എം. പ്രിമോ പൈപ്പ് മാറ്റി 500 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തിയുടെ അടങ്കൽ തുക 8 കോടി രൂപ ആണ്.

(b) കിഫ്ബി - പ്രോജക്റ്റ് 4- നാട്ടിക ഫർക്ക ശുദ്ധജലവിതരണ പദ്ധതി - അഗസ്ത്യേശ്വരം ടെമ്പിൾ മുതൽ മതിലകം സമ്പ് വരെ Reach II 400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 500 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തിയുടെ അടങ്കൽ തുക 10.79 കോടി രൂപ ആണ്.

(c) കിഫ്ബി - പ്രോജക്റ്റ് 6- നാട്ടിക ഫർക്ക ശുദ്ധജല പദ്ധതി - വലപ്പാട് സേതുകുളം മുതൽ വാടാനപ്പിള്ളി ഗണേശമംഗലം സമ്പ് വരെ 500 എം.എം. പ്രിമോ പൈപ്പ് മാറ്റി 400 എം.എം/500 എം.എം/600 എം.എം. ഡി.ഐ. പൈപ്പ് സപ്ലൈ ചെയ്ത്

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രവൃത്തിയുടെ അടങ്കൽ തുക 26.44 കോടി രൂപ ആണ്.<br><br>മേൽ പ്രവൃത്തികളുടെ ദർഘാസുകൾ ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിക്കുകയും ആയതിൽ ഒരു കരാറുകാരൻ ദർഘാസ് സമർപ്പിക്കുകയും അതിൽ സി.വി. സെൻറർ മുതൽ അഗസ്ത്യേശ്വരം ടെമ്പിൾ വരെ 500 എം.എം. പ്രിമോ പൈപ്പ് മാറ്റി 500 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 18.04 ശതമാനവും, അഗസ്ത്യേശ്വരം ടെമ്പിൾ മുതൽ മതിലകം സമ്പ് വരെ Reach II 400 എം.എം. പ്രിമോ പൈപ്പ് മാറ്റി പകരം 500 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 18.05 ശതമാനവും, വലപ്പാട് സേതുകുളം മുതൽ വാടാനപ്പള്ളി ഗണേശമംഗലം സമ്പ് വരെ 500 എം.എം. പ്രിമോ പൈപ്പ് മാറ്റി 400 എം.എം/500 എം.എം/600 എം.എം. ഡി.ഐ. പൈപ്പ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 18.08 ശതമാനവും കൂടുതലാണ് കരാറുകാരൻ ക്വാട്ട് ചെയ്തത്. ആയതിനാൽ പ്രസ്തുത തുക കുറയ്ക്കുവാൻ കരാറുകാരന് 14.06.2024-ന് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നെഗോസേഷ്യന് നൽകിയിട്ടുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ ടെണ്ടർ മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ഉടമ്പടി കരാറിൽ ഒപ്പുവച്ചതിനുശേഷമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**PROCEEDINGS OF THE CHIEF EXECUTIVE OFFICER**

**KERALA INFRASTRUCTURE INVESTMENT FUND BOARD,**

**THIRUVANANTHAPURAM**

**Present : Dr. K M Abraham CFA**

**ORDER NO : WRD025-04/APR-6/2023/KIIFB Dated:19-06-2023**

**Sub:** KIIFB Project: TRAN 10: WRD025-04 - Augmentation of CWSS to Nattika Firka (Phase-I) in Thrissur District - Revised funding sanction - Orders Issued.

**Read:** 1. GO (Rt) No.966/2017/WRD dated 29.11.2017
2. Order No. WRD025-04/APR-6/2018/KIIFB Dated: 19-11-2018

As per the Administrative Sanction issued for the project vide Government Order read above, the Detailed Project Report for ***"WRD025-04 - Augmentation of CWSS to Nattika Firka (Phase-I) in Thrissur District"*** submitted by the SPV [M/s Kerala Water Authority (KWA)] was approved for funding for a total outlay of ***Rs. 69.96 Crore*** vide Order 2nd read above.

Later, the SPV submitted a revision proposal for enhancing the total project cost from Rs. 69,95,95,773/- to Rs 88,78,59,170/-, as recommended by the TS authority of the SPV and the reported cost change is due to the followings: Change in SOR 2018, GST change from 12% to 18%, Change in the depth of intake well, Design change, change of gravity main to pumping main, Change in route of pumping main etc.

After having examined the proposal in detail, sanction is accorded for revising the funding by enhancing the total approved outlay from ***Rs. 69,95,95,773/- to Rs 88,78,59,170/-*** **(Rupees Eighty-Eight Crore Seventy-Eight Lakh Fifty-Nine Thousand One Hundred and Seventy only)** subject to the conditions below and as stipulated in Order 2nd read above.

1. Detailed estimates and supporting documents for LS items like "*Installation of SCADA arrangements for WTP, Supplying Laboratory equipment, Government charges, Dismantling existing pipeline and laying of 700/500/200mm pipes at Proposed WTP Compound, Utility Shifting, Leak rectification and interconnection work* shall be submitted through PFMS after issuing TS.

2. The observations of TIW in Revision file shall be complied by SPV-KWA during submission of PED file in PFMS.

The Order under reference 2 stands modified in this regard.

**Dr. K. M. Abraham CFA**

**Chief Executive Officer**

To

The Additional Chief Secretary to Government, Water Resources Department
The Managing Director, Kerala Water Authority
The Additional Chief Secretary (Finance)
F&A Division, KIIFB
Inspection Authority (AIW/TIW), KIIFB
Stock File /Office Copy /Nodal Officer (www.kiifb.kerala.gov.in)

Forwarded / By Order

ASST. PROJECT MANAGER

**PROCEEDINGS OF THE CHIEF EXECUTIVE OFFICER**

**KERALA INFRASTRUCTURE INVESTMENT FUND BOARD,**

**THIRUVANANTHAPURAM**

**Present : Dr. K M Abraham CFA**

**ORDER NO : WRD005-127/APR-6/2023/KIIFB Dated:24-04-2023**

**Sub:** KIIFB Project: TRAN-10 : WRD005-127 - Replacement of Transmission Mains in TRISSUR PH CIRCLE – Revised Funding Sanction - Orders Issued.

**Read:** 1. G.O.(Rt) No. 1/2018/WRD Dated 01.01.2018

2. KIIFB Order No. APR-4/401/2018/KIIFB Dated 09.04.2018

3. Minutes of the 22nd Executive Committee meeting of KIIFB held on 25.02.2023

As per the Administrative Sanction issued for the project vide Government Order read 1st above, the Detailed Project Report for "WRD005-127 - Replacement of Transmission Mains in TRISSUR PH CIRCLE" submitted by the SPV (Kerala Water Authority) was approved for funding by KIIFB for a total outlay of Rs.35.13 Crore, vide Order read 2nd above.

Later, the SPV-KWA submitted a revision proposal due to Change in Scope, Revision in GST, Change in DSoR to 2018, Change in Location, etc., duly approved and recommended by the TS authority of KWA.

After having examined the proposal in detail, the Revision Report was placed in the 22nd Executive Committee meeting of KIIFB that met on 25th February 2023, for its consideration and approval. The Executive Committee approved the proposal vide reference read 3rd above. Hence, sanction is accorded for revising the funding for the project '**WRD005-127 - Replacement of Transmission Mains in TRISSUR PH CIRCLE**', enhancing the total approved outlay from Rs. 35,13,07,000/- to **Rs. 52,78,92,000/- (Rupees Fifty Two Crore Seventy Eight Lakh Ninety Two Thousand only)**, subject to the same conditions as mentioned in the Order read 2nd above. The order issued vide paper 2 read above stands modified to the extent above.

**Dr. K. M. Abraham CFA**

**Chief Executive Officer**

To

The Principal Secretary to Government, Water Resources Department The
Managing Director, Kerala Water Authority [KWA], Thiruvananthapuram The
Additional Chief Secretary (Finance)
F&A Division, KIIFB
Inspection Authority (AIW/TIW), KIIFB
Stock File /Office Copy /Nodal Officer (www.kiifb.kerala.gov.in)

Forwarded / By Order

ASST. PROJECT MANAGER